ശ്രീ. എം. എ. വാഹീദ്: സർ, ഹൈടെക് ബോഡി ബസ്സുകളെല്ലാം ഓടുന്നത് ഹൈവേകളിലും മെയിൻ സെൻട്രൽ റോഡുകളിലുമാണ്. ഒരുപാട് ഹൈടെക് ബസ്സുകൾ ഹൈസ്പീഡിൽ ഓടുന്നത് കഴക്കൂട്ടം ഗ്രാമവാസികൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഗ്രാമ പ്രദേശങ്ങളിൽ ഓടുന്ന വണ്ടികളെല്ലാം മുത്തശ്ശി വണ്ടികളാണ്. അവയുടെ ബോഡി കീറിപ്പറിഞ്ഞിരിക്കുന്നു. ഭയങ്കര ശബ്ദവും വിറയലുമുള്ള ബസ്സുകളാണ്. ബസ്സിൽ കയറിയാൽ നമുക്ക് വിറയൽ രോഗം പിടിപെടും. ഇത് അവസാനിപ്പിച്ചുകൊണ്ട് ബോഡി ബിൽഡിംഗുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കെ. എസ്. ആർ. ടി. സി. ഉദ്ദേശിക്കുന്നുണ്ടോ?

മി. സ്പീക്കർ: ബോഡി ബിൽഡിംഗുമായി ബന്ധപ്പെട്ട ചോദ്യമല്ല.

ശ്രീ. എം. കുമാരൻ: സർ, കാസർഗോഡ് ജില്ലയിൽ ഇപ്പോൾ ഏകദേശം 16 ബസ്സുകൾ കട്ടപ്പുറത്തുണ്ട്. ഡി. ടി. ഒ.-യോട് ചോദിക്കുമ്പോൾ ആവശ്യമായ സ്പെയർ പാർട്സ് കിട്ടുന്നില്ലെന്ന് പറയും. ഞാൻ എന്റെ ലെറ്റർ പാഡിൽത്തന്നെ 23 ഐറ്റംസ് എഴുതിയ കത്ത് കൊടുത്തിട്ടുണ്ട്. എത്രയും പെട്ടെന്ന് സ്പെയർ പാർട്സുകൾ അനുവദിച്ചുകൊണ്ട് ബസ്സുകൾ കട്ടപ്പുറത്തുനിന്നും ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ബഹുമാനപ്പെട്ട അംഗം അത് അന്വേഷിക്കാതെ പറഞ്ഞതാണ്. കാസർഗോഡ് സ്പെയർ പാർട്സിന് യാതൊരു തടസ്സവുമില്ല. ബഹുമാനപ്പെട്ട ചെർക്കളം അബ്ദുള്ളതന്നെ അത് വ്യക്തമാക്കി. അവിടെനിന്നും കർണ്ണാടകയിലേക്ക് ഈ സർക്കാർ വന്നതിനുശേഷം ധാരാളം സർവ്വീസുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്. കാസർഗോഡിന് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നുണ്ട്. അവിടെ ഹൈടെക് ബസ്സുകളും എയർ ബസ്സുകളും ധാരാളം എത്തിയിട്ടുണ്ട്. ഈ പറയുന്നതൊന്നും ശരിയല്ല.

ഹജ്ജ് തീർത്ഥാടകരെ സൗദി അറേബ്യയിലേക്ക് അയയ്ക്കുന്ന ഏജൻസികൾ

* 2 [814] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ പി. കെ. കെ. ബാവ:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹജ്ജ് തീർത്ഥാടകരെ സൗദി അറേബ്യയിലേക്ക് അയയ്ക്കുന്ന എത്ര സ്വകാര്യ ഏജൻസികളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം ഏജൻസികളുടെമേൽ ഗവൺമെന്റിന് നിയന്ത്രണം ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് നിയന്ത്രണങ്ങളെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇത്തരം ഏജൻസികളുടെ കാര്യക്ഷമത, ഉത്തരവാദിത്വം എന്നിവ ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് നിയന്ത്രണമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, (എ) സംസ്ഥാനത്ത് നിന്ന് ഹജ്ജ് തീർത്ഥാടകരെ സൗദിയിലേക്ക് അയയ്ക്കുന്ന ഏതാണ്ട് 55-ഓളം സ്വകാര്യ ഏജൻസികളുണ്ട്.

(ബി, സി) ഉണ്ട്. താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്ന സ്വകാര്യ ഹജ്ജ് ടൂർ ഏജൻസികൾക്ക് മാത്രമേ വിദേശകാര്യ വകുപ്പിന്റെ രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ.

25 ലക്ഷം രൂപ വാർഷിക ടേൺ ഓവറുള്ള 10-ൽ കുറയാത്ത അംഗങ്ങളുള്ള സ്വകാര്യ ഏജൻസികൾ ആയിരിക്കണം. ഈ ഏജൻസികൾ കഴിഞ്ഞ രണ്ട് വർഷക്കാലം നിലവിലുള്ളതായിരിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ വിദേശകാര്യ വകുപ്പിൽ രജിസ്റ്റർ ചെയ്ത സ്വകാര്യ ഏജൻസികൾക്കും വ്യക്തികൾക്കും മാത്രമേ സൗദി ഗവൺമെന്റ് ഹജ്ജ് വിസ അനുവദിക്കുകയുള്ളൂ.

(ഡി) കേന്ദ്ര സർക്കാരിന്റെ വിദേശകാര്യ മന്ത്രാലയം അസോസിയേഷന് അംഗീകാരം കൊടുക്കുന്നതിനുള്ള ഒരു നിബന്ധന, ഈ അസോസിയേഷനിലെ ഏതെങ്കിലും അംഗം കൊണ്ടുപോകുന്ന തീർത്ഥാടകൻ സൗദി അറേബ്യയിൽ നിശ്ചിത സമയത്തിനുള്ളിൽ തിരിച്ചുവരുന്നതിനായി അലയുവാൻ ഇടയായാൽ ടിയാന്റെ ചെലവ് മുഴുവൻ അസോസിയേഷൻ വഹിക്കുമെന്നതാണ്. അതിനാൽ ഈ അസോസിയേഷനുകൾ മുഖേന പോകുന്ന ഹജ്ജ് തീർത്ഥാടകരുടെ സുരക്ഷ അതാത് അസോസിയേഷന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കും.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, സ്വകാര്യ ഏജൻസികൾ വഴി ഹജ്ജിന് പോകുന്ന ഹജ്ജാജിമാർക്ക് അവരുടെ യാത്ര ആരംഭിക്കുന്ന സമയം മുതൽ വിമാന സമയംവരെ അടിക്കടി മാറ്റവും വ്യത്യാസങ്ങളും ഉണ്ടാകുന്നത് ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട യാത്രാ സൗകര്യങ്ങളും താമസ സൗകര്യങ്ങളും ഭക്ഷണവും ഏർപ്പെടുത്തുന്നതിനും ഗവൺമെന്റ് എന്തെങ്കിലും നിയന്ത്രണങ്ങൾ ഈ ഏജൻസിയുടെ മേൽ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളുടെ ഹജ്ജ് യാത്രയിൽ അവർ വിമാനം കയറിയാൽ പിന്നെയുള്ളത് മുഴുവൻ സൗദി ഗവൺമെന്റിന്റെ പൂർണ്ണമായ നിയന്ത്രണത്തിലാണ്. യാത്ര പോകുന്നതിന് മുമ്പ് ഇത്തരത്തിലുള്ള പ്രശ്നങ്ങളെന്തെങ്കിലും ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടിയെടുക്കാം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ആദ്യമായി കേരളത്തിൽ ഹജ്ജാജിമാർക്കുള്ള എമ്പാർക്കേഷൻ പോയിന്റ് തുടങ്ങിയത് നെടുമ്പാശ്ശേരിയിലാണ്. പിന്നെ അത് കരിപ്പൂരായി മാറി പല സംസ്ഥാനങ്ങളിലും രണ്ട് എമ്പാർക്കേഷൻ പോയിന്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അടുത്ത ഹജ്ജ് സീസൺ മുതൽ നെടുമ്പാശ്ശേരിയിൽക്കൂടി ഒരു എമ്പാർക്കേഷൻ പോയിന്റ് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ; അതിന് ഗവൺമെന്റ് എന്തെങ്കിലും പ്രത്യേകമായ സമ്മർദ്ദം കേന്ദ്ര ഗവൺമെന്റിൽ ചെലുത്തുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഹജ്ജാജിമാരിൽ 85 ശതമാനവും പോകുന്നത് മലബാറിൽ നിന്നാണ്. അതുകൊണ്ടാണ് കരിപ്പൂരാക്കിയത്. പിന്നെ കൊച്ചി കൂടി അനുവദിച്ച് കിട്ടിയാൽ നമുക്ക് സന്തോഷമേയുള്ളൂ. അത് ടേക്കപ്പ് ചെയ്തിട്ടുണ്ട്. വീണ്ടും ടേക്കപ്പ് ചെയ്യുന്നതിന് വിരോധമില്ല. കാരണം രണ്ട് എണ്ണം ആയാൽ ആളുകൾക്ക് കൂടുതൽ സൗകര്യമായല്ലോ, പക്ഷേ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുമോ എന്നുള്ളതാണ് പ്രശ്നം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, വിവിധ സ്വകാര്യ ഏജൻസികൾ വഴി ഹജ്ജ് കർമ്മത്തിന് പോകുന്നവരിൽ നിന്ന് ഈടാക്കുന്ന തുക പല ട്രാവൽ ഏജൻസികളിലും വ്യത്യസ്തമാണ്. സൗകര്യങ്ങളൊക്കെ ഏതാണ്ട് ഒരുപോലെ തന്നെയാണ് ഹജ്ജാജിമാർക്ക് ലഭിക്കുന്നത്. എന്നാൽ പല ഏജൻസികളും വ്യത്യസ്തമായ തുകയാണ് ഈടാക്കുന്നത്. ഇതിന് നിയന്ത്രണം ഏർപ്പെടുത്താനും റീസണബിളായ തുക നിശ്ചയിക്കാനും വേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇതിൽ പല പ്രശ്നങ്ങളുമുണ്ട്. സൗകര്യങ്ങൾ കൊടുക്കുന്നതെല്ലാം ഒരുപോലെയല്ല. അവർ എടുക്കുന്ന ബിൽഡിംഗ്, കൊടുക്കുന്ന ഭക്ഷണം ഇതൊക്കെ അനുസരിച്ച് ക്ലാസ്സിൽ വ്യത്യാസം വരും. സെന്ററിൽ നിന്ന് എത്ര ദൂരെ എന്നുള്ളതാണ് ഏറ്റവും പ്രധാനം. വളരെ ദൂരെയാണെങ്കിൽ കുറച്ച് പൈസ കൊടുത്താൽ മക്കയിൽ താമസിക്കാം. അത് പല ഘടകങ്ങളെ ആശ്രയിച്ചുള്ളതാണ്. ഓരോരുത്തർ കൊടുക്കുന്ന ക്ലാസ്സ് ഓരോന്നാണ്. വെറുതെ പറ്റിക്കുന്നുണ്ടോ എന്നുള്ളത് വല്ല പരാതിയും കിട്ടിയാൽ നോക്കാം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, തീർത്ഥാടകർക്ക് സൗദി അറേബ്യയിൽ താമസത്തിന് അനുവദിച്ച കെട്ടിടങ്ങൾ പലതും വേണ്ടത്ര സൗകര്യമില്ലാത്തതാണ്. അതുപോലെ അറഫയിൽ നിന്ന് വളരെ ദൂരമുള്ളതുമാണ്. ഇത് പരിഹരിക്കുന്നതിന് ഹജ്ജ് കമ്മിറ്റിയും ഗവൺമെന്റും എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ ഹജ്ജ് കമ്മിറ്റി മുഖാന്തിരം പോകുന്നവരുടെ താമസസൗകര്യത്തിലാണ് നമുക്ക് റെസ്പോൺസിബിലിറ്റിയുള്ളത്. അതിൽ കാലാകാലങ്ങളിൽ പരാതി വരാറുണ്ട്. ഇവിടെ നിന്ന് നമ്മുടെ ആളുകളൊക്കെ പോയി നോക്കിയിട്ടാണ് ബിൽഡിംഗ് എടുക്കുന്നത്. പക്ഷേ ഇന്ത്യാ ഗവൺമെന്റാണ് കെട്ടിടം എടുത്ത് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കുന്നത്. അവിടെയാണ് എമ്പസിയുടെ അധികാരം. ആ ഉത്തരവാദിത്വത്തെക്കുറിച്ച് കൂടുതൽ ശ്രദ്ധിക്കാൻ വേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, നമ്മുടെ സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകൾ ഭൂരിപക്ഷവും ഹജ്ജാജികൾക്ക് നല്ല സേവനമാണ് കൊടുക്കുന്നതെന്ന് ഹജ്ജിന് പോയി തിരിച്ച് വന്നവരുടെ അഭിപ്രായം കേൾക്കാറുണ്ട്. പക്ഷേ ഈ സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകൾ വഴി യാത്ര ചെയ്യുന്ന തീർത്ഥാടകർക്ക് കുത്തിവയ്പ് നടത്തുന്നതിനും സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അസൗകര്യം ഇന്നുണ്ട്. അത് പരിഹരിക്കാൻ വല്ല നടപടിയും ഹജ്ജ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇതിനെ സംബന്ധിച്ച് ചില പരാതികൾ കിട്ടിയിട്ടുണ്ട്. ഈ കൊല്ലം മുതൽ കൂടുതൽ സൗകര്യം ഏർപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് എടുക്കുന്നുണ്ട്.

ശ്രീ. കളത്തിൽ അബ്ദുള്ള: കോഴിക്കോടുള്ള എമ്പാർക്കേഷൻ പോയിന്റ് അതു പോലെത്തന്നെ അവിടുത്തെ ഹജ്ജുകാരുടെ യാത്ര ചെയ്യുന്നതിനുള്ള മുസാഹിർഖാന ഇവിടെയൊക്കെ വന്നുകൊണ്ട് നമ്മുടെ എം. എൽ. എ.-മാരുടെ നേതൃത്വത്തിൽ അടക്കം സ്തുത്യർഹമായ സേവനം കോഴിക്കോട് ഈ പോയിന്റിൽ വച്ച് നടക്കുകയാണ്. മാത്രമല്ല മലബാറിലെ എല്ലാ സാമൂഹ്യ സംഘടനകളും ഹജ്ജാജിമാർക്ക് അവിടെ സേവനം ചെയ്ത് അങ്ങയുടെ വകുപ്പിന്റെ കീഴിൽ സ്തുത്യർഹമായ പ്രശംസ നേടിയ കാര്യമാണ്. ആ എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോടുനിന്ന് മാറ്റാനുള്ള ചില നീക്കം ഉണ്ടെന്ന് ചില പത്രങ്ങളിൽ സൂചന വന്നു. ഇക്കാര്യത്തിൽ അത് കോഴിക്കോടുതന്നെ നിലനിർത്താനുള്ള നടപടി അങ്ങയുടെ ഭാഗത്ത് നിന്ന് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇൻഡ്യയിൽവെച്ച് ഏറ്റവും നല്ല ഹജ്ജ് ക്യാമ്പ് രണ്ട് കൊല്ലവും കോഴിക്കോടായിരുന്നുവെന്നുള്ളത് നമുക്കറിയാം. അവാർഡ് തന്നെ കിട്ടിയിട്ടുണ്ട്. അത്രയും നല്ല സേവനങ്ങളാണ് അവിടെ നടന്നത്. നല്ല സംഘടനകളാണ് അതിനൊക്കെ കാരണം. കരിപ്പൂരിൽനിന്ന് മാറ്റാനുള്ള പരിപാടിയൊന്നുമില്ല. നെടുമ്പാശ്ശേരി കൂടി വേണമെന്നുള്ള അഭിപ്രായമാണുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നവർക്ക് സഹായം നൽകുന്നതിന് വേണ്ടി സംസ്ഥാന ഗവൺമെന്റ് എത്ര രൂപയുടെ സഹായം ഒരു വർഷം കൊടുക്കുന്നുണ്ട്; ഒരു ഹജ്ജ് തീർത്ഥാടകന് എത്ര രൂപയുടെ സഹായം സംസ്ഥാന ഗവൺമെന്റ് നൽകുന്നുണ്ട്? ഇതുസംബന്ധിച്ച് പല വാർത്തകളും പുറത്ത് വന്നതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സംസ്ഥാന ഗവൺമെന്റ് ഹജ്ജ് തീർത്ഥാടകർക്ക് സബ്സിഡിയും സഹായങ്ങളുമൊന്നും നൽകുന്നില്ല. കേന്ദ്ര ഗവൺമെന്റാണ് സഹായം നൽകുന്നത്. കേന്ദ്ര ഗവൺമെന്റ് കൂട്ടായി ഹാജിമാരെ കൊണ്ടുപോകുന്നതുകൊണ്ട് നേരത്തെ മുതലുള്ള ഹജ്ജ് സബ്സിഡികളുണ്ട്. അതല്ലാതെ സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായി ഹാജിക്ക് കൊടുക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങൾ കൊടുക്കുക, ഹജ്ജ് കമ്മിറ്റിക്ക് പൈസ കൊടുക്കുക, ഗ്രാന്റ് കൊടുക്കുക എന്നല്ലാതെ ഹാജിമാർക്ക് വേറെ സബ്സിഡിയൊന്നും കൊടുക്കുന്നില്ല.

ശ്രീ. വർക്കല കഹാർ: ചില ഏജൻസികൾ പറയുന്ന കരാറുകൾ അവിടെ പാലിക്കാറില്ല. ഈ സാഹചര്യത്തിൽ ജിദ്ദയിലും മക്കയിലും മദീനയിലും നൽകേണ്ട സൗകര്യങ്ങൾക്കൊക്കെ കർശനമായി കരാറുകൾ ഉണ്ടാക്കുകയും അതോടൊപ്പം കേരളീയ തീർത്ഥാടകർക്ക് മലയാളികളായ ഡോക്ടർമാരുടേയും ആരോഗ്യ പ്രവർത്തകരുടേയും സേവനം ഉറപ്പുവരുത്താനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇതു സംബന്ധിച്ച് വിദേശത്തായതുകൊണ്ട് എല്ലാ കൺട്രോളും സെൻട്രൽ ഗവൺമെന്റിനും സൗദി ഗവൺമെന്റിനുമാണ്. ഡോക്ടർമാരെ സെലക്ട് ചെയ്യാൻ ചില മാനദണ്ഡങ്ങളുണ്ട്. അതനുസരിച്ച് നമ്മൾ പാനൽ അയച്ചിട്ടാണ് സെലക്ട് ചെയ്യുന്നത്. അവിടെ സൗകര്യങ്ങൾ കൊടുത്തിട്ടില്ലെങ്കിൽ കർശനമായ നടപടിയുണ്ടാകും. അവിടെ നിയന്ത്രണം വളരെ കർക്കശമാണ്, ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടായാൽ നമുക്ക് ബന്ധപ്പെട്ട ഗവൺമെന്റുകളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ സാധിക്കും. പരാതിയുണ്ടെങ്കിൽ പരിശോധിക്കാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, അങ്ങ് നേരത്തെ ഉത്തരം പറഞ്ഞപ്പോൾ, സ്വകാര്യ ട്രാവൽ ഏജൻസികളുടെ ധാരാളം പരാതികൾ ഇപ്പോൾ വരുന്നുണ്ട് എന്ന് പറഞ്ഞു. നമ്മുടെ നാട്ടിൻപുറങ്ങളിലൊക്കെ ഈ ഏജൻസികൾക്ക് തന്നെ സബ് ഏജൻസികളുണ്ട്. അവരാണ് പലപ്പോഴും ഇത് കൃാൻവാസ് ചെയ്യുന്നത്. ചില പരാതികൾ കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് ചോദിക്കുന്നത്. ഹജ്ജ് തീർത്ഥാടകരെ കൊണ്ടുപോകാൻ ഔദ്യോഗികമായി ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഏജൻസികൾ ഏതാണെന്ന് അതാത് സമയം ഔദ്യോഗികമായി പ്രസിദ്ധീകരിച്ചാൽ അത് ജനങ്ങൾക്ക് കൂടുതൽ മനസ്സിലാക്കാനും അത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പോകാനും കഴിയും. അപ്പോൾ കുറേയെറെ പരാതി ഒഴിവാക്കാം. അത്തരം ഒരു ലിസ്റ്റ് ഗവൺമെന്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഹജ്ജ് ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിനും ചെയ്യുന്നതിനും വ്യക്തമായ മാനദണ്ഡമുണ്ട്. അതിൽ 10 അംഗങ്ങൾ ഉണ്ടായിരിക്കണം, 25 ലക്ഷം രൂപ ടേൺഓവർ ഉണ്ടായിരിക്കണം. അതുപോലെ ഇത്രയും വർഷത്തെ സേവന പാരമ്പര്യം ഉണ്ടായിരിക്കണം, എന്നിട്ട് കേന്ദ്ര ഗവൺമെന്റിന്റെ പക്കൽനിന്ന് രജിസ്ട്രേഷൻ എടുക്കണം. ഇൻഡ്യാ ഗവൺമെന്റിന്റെ രജിസ്ട്രേഷൻ എടുക്കണം, ഇതൊക്കെ ഉണ്ടെങ്കിലേ തീർത്ഥാടകരെ കൊണ്ടുപോകാനുള്ള ഹജ്ജ് ഗ്രൂപ്പ് സംഘടിപ്പിക്കാൻ പറ്റൂ. ഇതിനൊക്കെ നിയമങ്ങൾ വളരെ കർക്കശമായിട്ടുണ്ട്. പക്ഷേ ഒരുപാട് ഹജ്ജ് ഗ്രൂപ്പുകൾക്ക് ഇങ്ങനെയുള്ളതുകൊണ്ട് ഏതെങ്കിലും ഒക്കെ ഹജ്ജ് ഗ്രൂപ്പുകൾ പറഞ്ഞ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നേടിയിട്ട് പിന്നെയും അവർ ശരിയായി പാലിക്കുന്നില്ല എന്നുള്ളതായിരിക്കും ഈ പറഞ്ഞതിന്റെ ഉദ്ദേശ്യം. അതുകൊണ്ട് അത് നിയന്ത്രിക്കുന്നത് കേന്ദ്ര ഗവൺമെന്റാണെങ്കിലും പരാതിയുണ്ടെങ്കിൽ പരിശോധിക്കാം. നടപടിയെടുക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. നേരത്തെ ചോദിച്ച ചോദ്യത്തിന് മറുപടിയുണ്ട്. 54 ഹജ്ജ് ഗ്രൂപ്പുകളാണുള്ളത്. മെയിൻ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. അത് സ്വീകരിക്കാം. വേണമെങ്കിൽ പത്രത്തിൽ കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഹജ്ജിന് പോകുന്ന തീർത്ഥാടകർക്ക് ആവശ്യമായ ക്ലാസ്സുകൾ ഔപചാരികമായി നൽകാനുള്ള സംവിധാനം ഇല്ലെന്നാണ് തോന്നുന്നത്. പല സംഘടനകളും ഹജ്ജിന് കൊണ്ടുപോകുന്ന ട്രാവൽ ഏജൻസികളുമാണ് പല സ്ഥലത്തും ക്ലാസ്സുകൾ നടത്തുന്നത്. നമ്മുടെ ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിൽനിന്നും ഹാജിമാരാകാൻ പോകുന്ന തീർത്ഥാടകർക്കുവേണ്ടി നമ്മുടെ 14 ജില്ലകളിലും ക്ലാസ് നടത്തുന്നതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഹാജിമാർക്കുവേണ്ടി എല്ലാ സ്ഥലങ്ങളിലും ക്ലാസ്സുകളുണ്ട്. എല്ലാം ഭംഗിയായിട്ട് നടക്കുന്നുണ്ട്. ശ്രീ. പ്രതാപൻ ഈ ക്ലാസ്സുകളൊക്കെ അറ്റന്റ് ചെയ്യുന്നുയെന്നാണ് കേട്ടിരിക്കുന്നത്. ക്ലാസ്സെടുക്കാൻ വരെ കഴിയുമെന്നാണ് പറയുന്നത്. അത് ഇനി ശക്തിപ്പെടുത്താം.

ശ്രീ. കോവൂർ കുഞ്ഞിമോൻ: സർ, ഹജ്ജ് തീർത്ഥാടകരെ സൗദി അറേബ്യയിലേക്ക് അയയ്ക്കുമ്പോൾ അവരെ സഹായിക്കുന്നതിനുവേണ്ടി കേരളത്തിൽനിന്ന് വോളണ്ടിയർമാരെ നിയമിക്കുന്നുണ്ട്. ഏകദേശം 10 ലക്ഷത്തോളം വരുന്ന പ്രവാസികൾ സൗദി അറേബ്യയിൽ ജോലി ചെയ്യുന്നുണ്ട്. അവരെ വോളണ്ടിയർമാരായി നിയമിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അവരെ നിയമിക്കാൻ കഴിയുകയില്ലല്ലോ. നമ്മൾ ഒരിക്കൽ നോക്കിയതാണ്. എക്സ്പീരിയൻസ് ഉള്ളവരെ മാത്രമേ അവിടെ നിയമിക്കാൻ കഴിയൂ. കാരണം ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരായിരിക്കണം, സർവ്വീസിലുള്ളവരായിരിക്കണം. ഇതിന് നിയമങ്ങളും നിബന്ധനകളുമൊക്കെ വേറെയുണ്ട്.

ശ്രീ. എ. പി. അനിൽകുമാർ സർ, സ്വകാര്യ ട്രാവൽ ഏജൻസികളായാലും ഗവൺമെന്റ് ആണെങ്കിലും ഹജ്ജ് യാത്രക്കാരെ സംബന്ധിച്ചിടത്തോളം മക്കയിലുള്ള താമസസൗകര്യങ്ങളിലാണ് ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്നതെന്ന് മന്ത്രിതന്നെ സൂചിപ്പിക്കുകയുണ്ടായി. കെട്ടിടങ്ങളുടെ കാര്യത്തിലും റൂമുകളുടെ കാര്യത്തിലും പ്രയാസം സൂചിപ്പിക്കുകയുണ്ടായി. വളരെ മുമ്പ് പത്രങ്ങളിലൂടെയും അതുപോലെ ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്ന ഒരുകാര്യം ഉണ്ട്. തലശ്ശേരിയിലെ പ്രധാനപ്പെട്ട കുടുംബമായ കേയി കുടുംബത്തിന്റെ വകയായിട്ടുള്ള കേയിറുബാത്ത് എന്ന് പറയുന്ന സ്ഥലം ഹജ്ജ് നടത്തുന്നതിന് സമീപത്തായിട്ടുണ്ട് എന്ന കാര്യവും അത് കേരളത്തിൽനിന്ന് പോകുന്ന മറ്റ് തീർത്ഥാടകരുടെ സൗകര്യത്തിനുവേണ്ടി ഏറ്റെടുക്കണമെന്ന കാര്യവും വളരെ മുമ്പ് കേട്ടിരുന്നു. ഇന്ന് ഗവൺമെന്റ് അത്തരം കാര്യത്തെക്കുറിച്ച്, ആ സ്ഥലം ഏറ്റെടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ ആലോചിച്ചു കൊണ്ട് ഇത്തരത്തിലുള്ള പ്രയാസങ്ങൾ പരിഹരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പണ്ട് യാതൊരു സൗകര്യവുമില്ലാതിരുന്ന കാലത്ത് കേയി കുടുംബം അവിടെ ഇങ്ങനെ ഒരു സ്ഥലം എടുത്ത് ഹാജിമാർക്ക് ഉപയോഗിക്കത്തക്ക രീതിയിൽ സംഭാവന ചെയ്തുവച്ചിരുന്നു. അവിടെ ഡെവലപ്പ്മെന്റൊക്കെ വന്നപ്പോൾ ആ സ്ഥലം അക്വയർ ചെയ്തുപോയി. അതിന്റെ പണം അവിടെ ട്രഷറിയിൽ വച്ചിട്ടുണ്ട്. അത് വാങ്ങാൻ വേണ്ടിയാണ് ഈ ക്ലെയിം കൊണ്ടുവന്നത്. പക്ഷേ അവകാശികളെ സംബന്ധിച്ച് അവരുടെ സമ്മതവും മറ്റ് കാര്യങ്ങളും ശരിയായ രീതിയിൽ കിട്ടുന്നില്ല. പല അവകാശികൾ ഉണ്ട്. ഈ അവകാശികൾ യോജിക്കാത്തതുകൊണ്ട് ഇപ്പോൾ നമുക്ക് ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, രണ്ടാമത്തെ പോയിന്റിനെ കുറിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ? ഭൂരിപക്ഷം ഹജ്ജിന് പോകുന്നവരും അതുപോലെ ഹജ്ജ് കമ്മിറ്റിയുടെ സങ്കേതവുമൊക്കെ കോഴിക്കോട് ആയതുകൊണ്ട് ഇത്തരത്തിൽ രണ്ടാമതൊരു എമ്പാർക്കേഷൻ പോയിന്റ് വന്നാൽ, നമ്മുടെ വിമാന കമ്പനികൾ വ്യാപാരത്തിന്റെ അടിസ്ഥാനത്തിൽ ഇന്ന് കോഴിക്കോടുള്ള ഹജ്ജ് വിമാനങ്ങൾ കൊച്ചിയിലേക്ക് തിരിച്ചുവിട്ടാൽ അത് മലബാർ ഭാഗത്ത് വരുന്ന ഭൂരിപക്ഷം ഹാജിമാരെയും ബാധിക്കുമെന്നതിനെക്കുറിച്ച് ചേമ്പർ ഓഫ് കൊമേഴ്സിന്റെയൊക്കെ പ്രമേയങ്ങൾ വന്നിട്ടുണ്ട്. ഗവൺമെന്റ് പരിശോധിച്ചതിനുശേഷം ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, 85 ശതമാനം ഹാജിമാരും മലബാറിൽ നിന്നായതുകൊണ്ട് വീണ്ടും കരിപ്പൂരിൽനിന്ന് കൊച്ചിയിലേക്ക് മാറ്റുക എന്നുള്ളത് കൂടുതൽ ആളുകൾക്ക് അസൗകര്യമാണ്. അത് ഇല്ലാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കാം. കൊച്ചികൂടെ കൂട്ടുക എന്നുള്ളതാണ് ഗവൺമെന്റ് ചിന്തിച്ചിട്ടുള്ളത്. കോഴിക്കോട് നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടാവുകയില്ല.

ശ്രീ. കെ. പി. മോഹനൻ: സർ, ഹജ്ജ് തീർത്ഥാടനം ഇന്ന് സാമ്പത്തികമായി ചെലവുള്ളതാണ്. തീർത്ഥാടനം ആഗ്രഹിക്കുന്ന സാമ്പത്തികമായി പിന്നോക്കമുള്ളവരെ സഹായിക്കാൻ ഗവൺമെന്റ് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സാമ്പത്തികമായി സൗകര്യമുള്ളവർ ഹജ്ജിന് പോയാൽ മതി. കാരണം അതിന്റെ നിബന്ധനയതാണ്. ഹജ്ജിന്റെ നിബന്ധനയെന്നു പറയുന്നത് ദേഹം കൊണ്ടും അതുപോലെത്തന്നെ സമ്പത്തുകൊണ്ടും നിർബന്ധനമുള്ളവർ ജീവിതത്തിൽ ഒരുപ്രാവശ്യം ഹജ്ജ് ചെയ്തിരിക്കണമെന്നേയുള്ളൂ. സമ്പത്തില്ലാത്ത ആളുകൾ ഇവിടെയിരുന്ന് പ്രാർത്ഥിച്ചാലും മതിയെന്നാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ഗവൺമെന്റ് ആഭിമുഖ്യത്തിൽ ഹജ്ജിന് പോകുന്ന ഹാജിമാർ അവിടെ താമസത്തിന് മക്കയിലെ അറമിന് അടുത്ത് താമസിക്കുന്നവർക്ക് ഏറ്റവും കൂടിയ റേറ്റും അതിന് തൊട്ട് 400 മീറ്റർ അകലെ ഉള്ളവർക്ക് മൂന്ന് റെയിഞ്ചായിട്ടാണ്, പക്ഷേ ഏറ്റവും കൂടുതൽ അടുത്ത് താമസിക്കണമെന്ന് പറഞ്ഞ് പണം അടയ്ക്കുന്നവർക്ക് ദൂരങ്ങളിൽ കിട്ടുന്ന പല സംഭവങ്ങളും എല്ലാ വർഷവും ഉണ്ടാകാറുണ്ട്. അത് പരിഹരിക്കുന്നതിനായി അവിടെ പോയി വിസിറ്റ് ചെയ്ത് അതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങനെ വരികയില്ല. അവിടത്തെ വ്യവസ്ഥ 500 മീറ്റർ, 850 മീറ്റർ, ഒരു കിലോ മീറ്റർ ഇങ്ങനെയാണ്. ഇതിന് മൂന്നിനും മൂന്ന് റേറ്റാണ്, മൂന്ന് ക്ലാസാണ്. അതിന് പണം അടയ്ക്കുന്നവർക്ക് അതുതന്നെ കിട്ടും. ബുദ്ധിമുട്ട് വരുന്നത് ഹജ്ജ് കമ്മിറ്റിയിൽ പോകുന്ന ആളുകൾക്ക് എംബസി സെറ്റ് ചെയ്ത് സ്റ്റേറ്റുകൾക്ക് വിതരണം ചെയ്യും. അവിടെയാണ് കേരള ഹാജിമാർക്ക് നല്ലത് കിട്ടിയില്ല എന്ന പരാതി വരുന്നത്. അത് ഗവൺമെന്റ് എല്ലാ വർഷവും ശ്രദ്ധിച്ചുകൊണ്ടിരിക്കണം. ഓരോ വർഷവും ബിൽഡിംഗ് എടുക്കുക, കൊടുക്കുക എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സർ, ഹജ്ജ് തീർത്ഥാടകരിൽനിന്ന് ന്യായമല്ലാത്ത തുക വസൂലാക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുകയുണ്ടായി. ഈ ഏജൻസികളുടെ മറവിൽ പ്രവർത്തിക്കുന്നത് ചില മത സംഘടനകളാണ്. സുന്നി, മുജാഹിദ്, ജമാഅത്ത് ഇസ്ലാമി തുടങ്ങിയ മതസംഘടനകൾ ഇങ്ങനെ കിട്ടുന്ന തുക ഉപയോഗിച്ച് വിധ്വംസക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയാണ്. മാറാട് പള്ളിതന്നെ ആത്തരം ഒരു സുന്നി സംഘടനയുടെ പ്രവർത്തനത്തിലാണ്. അതുകൊണ്ട് ന്യായമല്ലാത്ത തുക വസൂലാക്കുന്ന മതസംഘടനകൾ പ്രവർത്തിക്കുന്ന ഇത്തരം കാര്യങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഗവൺമെന്റ് സന്നദ്ധമാണോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സുന്നി, മുജാഹിദ് സംഘടനകൾ ഒന്നും മത വിധ്വംസക സംഘടനകളല്ല. ശ്രീ. ജയരാജന് എന്തോ ധാരണപിശക് ഉണ്ട്. അത് തിരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ചെറുകിട വ്യവസായങ്ങൾ പുനഃരുദ്ധരിക്കുന്നതിന് പദ്ധതി .

* 3 [815] ശ്രീ. ടി. വി. ചന്ദ്രമോഹൻ :
,, ലൂഡി ലൂയിസ്:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ പുനഃരുദ്ധരിക്കുന്നതിനുള്ള ഒരു വസ്തുനിഷ്ഠ പദ്ധതിക്ക് രൂപം കൊടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) ഇതിനുവേണ്ടി ഒരു പ്രത്യേക പുനഃരുദ്ധാരണ ഫണ്ട് ഉണ്ടാക്കാനുദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ—സി) ചെറുകിട വ്യവസായ രംഗം സജീവമാക്കാനും പീഡിത വ്യവസായങ്ങളെ പുനഃരുദ്ധരിക്കുന്നതിനും സമഗ്രമായ പരിപാടികൾ നടപ്പിലാക്കിവരുന്നു. നിലവിലുള്ള പീഡിത വ്യവസായ പുനഃരുദ്ധാരണ പദ്ധതി കൂടുതൽ ആശ്വാസ സഹായ നടപടികൾ ഉൾപ്പെടുത്തി കാലോചിതമായി പരിഹരിക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വകുപ്പ് മേധാവികളുടേയും ഏതെങ്കിലും സ്ഥാപനങ്ങളുടേയും സഹായത്തോടെയും അംഗീകാരത്തോടെയും പുനഃരുദ്ധരിക്കാനുള്ള പാക്കേജ് അടങ്ങുന്ന പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും അതിനായി പ്രൊഫഷണൽ ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്. വിപണനം, സാങ്കേതിക ഉന്നമനം, മാനേജ്മെന്റ് പരിശീലനം എന്നിവ നൽകി പീഡിത വ്യവസായങ്ങൾ പുനഃരുദ്ധരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly